പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5538 | 06-07-2012 - ൽ മറുപടിയ്ക്ക്

## കല്ല്യാശ്ശേരിയിലെ നബാർഡ് XVII സ്കീമിലെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നബാർഡിന്റെ ആർ.ഐ.ഡി. എഫ്.XVII സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ; | (എ) കണ്ണൂർ മൈനർ ഇറിഗേഷന്റെ കീഴിൽ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നബാർഡിന്റെ ആർ.ഐ. ഡി. എഫ് XVII -ൽ ഉൾപ്പെടുത്തി താഴെപറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | |
|---|---|
| 1 | ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽകാപ്പ് റഗുലേറ്ററിന്റെ പുനരുദ്ധാരണ പദ്ധതി. |
| 2 | ചെറുകുന്ന് പഞ്ചായത്തിലെ ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റലിന് സമീപം ആർ.എസ്. 122-ൽ ഉപ്പുവെള്ള പ്രതിരോധ ബണ്ടിന്റെ നിർമ്മാണം. |
| 3 | കണ്ണപുരം പഞ്ചായത്തിൽ അയ്യോത്ത് ആയിരം തെങ്ങിൽ പുത്തരിത്തോൽ തോട്ടിന് കുറുകെ ഉപ്പുവെള്ള പ്രതിരോധ ബണ്ടിന്റെ നിർമ്മാണം |
| 4 | കണ്ണപുരം പഞ്ചായത്തിലെ കയറ്റിയിൽ മുക്കോലയിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ടിന്റെ നിർമ്മാണം. |

മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ഒന്നാമത്തെ പ്രവൃത്തിക്ക് 55.17 ലക്ഷം രൂപയുടെ ഭരണാനുമതി 2010 SOR പ്രകാരം നൽകിയിരുന്നു. സാങ്കേതികാനുമതിക്ക് പുതുക്കിയ 2010 SOR പ്രകാരം 64.32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു. 'നബാർഡ്' സഹായത്തോടുകൂടിയ പ്രവൃത്തി ആയതിനാൽ

ഭരണാനുമതിയേക്കാൾ 5% ത്തിൽ അധിക തുകയ്ക്ക് സാങ്കേതികാനുമതി നൽകാൻ സാധിക്കുകയില്ല. ആയതിനാൽ പുതുക്കിയ ഭരണാനുമതി ആവശ്യമായിവരും. രണ്ടാമത്തെ പ്രവൃത്തിക്ക് 3 പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും തന്നെ ടെണ്ടർ എടുത്തിട്ടില്ല. 3 ഉം 4 ഉം പ്രവൃത്തികൾ ടെണ്ടർ ചെയ്തെങ്കിലും ക്വോട്ട് ചെയ്ത റേറ്റ് നബാർഡ് പ്രവൃത്തികൾക്ക് അനുവദനീയമല്ലാത്തതിനാൽ റീടെണ്ടർ ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്.

**(ബി)** പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയും എന്നറിയിക്കുമോ ?

**(ബി)** ഒന്നാമത്തെ പ്രവൃത്തി പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്കും ബാക്കി പ്രവൃത്തികൾ കരാർ ഏറ്റെടുക്കുന്ന മുറയ്ക്കും ആരംഭിക്കുവാൻ കഴിയും.

**സെക്ഷൻ ഓഫീസർ.**